കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# ഇറ്റ്ഫോക്ക് : അന്തർദേശീയ വിഭാഗത്തിലേക്ക് 12 നാടകങ്ങളും ദേശീയ വിഭാഗത്തിൽ നാല് മലയാള നാടകങ്ങൾ ഉൾപ്പെടെ പതിനാല് നാടകങ്ങളും തെരഞ്ഞെടുത്തു.

കേരള സംഗീത നാടക അക്കാദമി 2023 ഫെബ്രുവരിയിൽ സംഘടിപ്പിക്കുന്ന അന്തർദേശീയ നാടകോത്സവത്തിലേക്കുള്ള (ഇറ്റ്ഫോക്ക്) നാടകങ്ങൾ തെരഞ്ഞെടുത്തു. അന്തർദേശീയ വിഭാഗത്തിലേക്ക് പന്ത്രണ്ട് നാടകങ്ങളും ദേശീയവിഭാഗത്തിൽ നാല് മലയാള നാടകങ്ങൾ ഉൾപ്പെടെ പതിനാല് നാടകങ്ങളുമാണ് തെരഞ്ഞെടുത്തത്. അന്തരിച്ച പ്രശസ്ത നാടക സംവിധായകൻ പീറ്റർ ബ്രൂക്കിനോടുള്ള ആദര സൂചകമായി അദ്ദേഹത്തിന്റെ **ടെംപസ്റ്റ്** എന്ന നാടകവും നാടകോത്സവത്തിൽ ഉണ്ടായിരിക്കും. ഒരു നൂറ്റാണ്ടിലധികം പ്രവർത്തന പാരമ്പര്യമുള്ള തെലുങ്കാനയിലെ സുരഭി തിയേറ്ററിന്റെ **മായാബസാർ** എന്ന നാടകവും മേളയിൽ അരങ്ങേറും. തെലുങ്കാന സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെയാണ് **മായാബാസാർ** അരങ്ങേറുക. അന്തർദ്ദേശീയ വിഭാഗത്തിലേക്ക് ഇംഗ്ലണ്ടിൽ നിന്നുള്ള **ആന്റിഗണി**, തായ്‌വാനിൽ നിന്നുള്ള **ഹീറോ ബ്യൂട്ടി**, ഫ്രാൻസിൽ നിന്നുള്ള **കാഫ്ക** എന്നീ നാടകങ്ങളെ ഇറ്റ്ഫോക്കിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ, ലോകസമകാലിക നാടകവിഭാഗത്തിൽപ്പെടുന്ന ഒൻപത് നാടകങ്ങളും ഫെസ്റ്റിവൽ ഡയറക്ടറേറ്റ് നോമിനേറ്റ് ചെയ്യുകയും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇസ്രായേലിൽ നിന്നുള്ള **മ്യൂസിയം**, ഡെൻമാർക്കിൽ നിന്നുള്ള **ആവേ മരിയ**, ഫ്രാൻസിൽ നിന്നുള്ള **ടെംപസ്റ്റ്**, ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള **സാംസൺ**, ലെബനിൽ നിന്നുള്ള **ടോൾഡ് ബൈ മദർ**, ഇസ്രായേലിൽ നിന്നുള്ള **ടോൺഡ് ബിലീവ് മീ ഇഫ് ഐ ടോക്ക് എബൗട്ട് വാർ**, താഷ്കെന്റിൽ നിന്നുള്ള **സെവൻ മൂൺസ്**, പോളണ്ടിൽ നിന്നുള്ള **ത്രി എപ്പിസോഡ്സ് ഓഫ് ഫാമിലി ലൈഫ്**, ഇറ്റലിയിൽ നിന്നുള്ള **തേർഡ് റെയ്ഷ്** എന്നീ ഒൻപത് നാടകങ്ങളാണ് ഇറ്റ്ഫോക്കിലേക്ക് നോമിനേറ്റ് ചെയ്യുകയും ക്ഷണിക്കുകയും ചെയ്തിട്ടുള്ളത്. ആസ്സാമിൽ നിന്നുള്ള **റാദർ റാഷി**, ബിഹാറിൽ നിന്നുള്ള **ഫൗൾ പ്ലേ**, കർണ്ണാടകയിൽ നിന്നുള്ള **ഡക്‌ലത്ത ദേവികാവ്യ**, മഹാരാഷ്ട്രയിൽ നിന്നുള്ള **ടേക്കിങ് സൈഡ്സ്, ബ്ലാക്ക് ഹോൾ**, മണിപ്പൂരിൽ നിന്നുള്ള **പീ-തോടയ്**, പോണ്ടിച്ചേരിയിൽ നിന്നുള്ള **ഫ്ളയിങ് ചാരിയറ്റ്സ്**,തമിഴ്നാട്ടിൽനിന്നുള്ള

---------2

**ഇടക്കിനി കഥായാരഥം**, ഡൽഹിയിൽ നിന്നുള്ള **ഫോർ ദി റേക്കോഡ്** എന്നീ നാടകങ്ങളും മലയാളത്തിൽ നിന്ന് **ആർട്ടിക്ക്, കക്കുകളി, നിലവിളികൾ -മർമ്മരങ്ങൾ -ആക്രോശങ്ങൾ , സോവിയറ്റ് സ്റ്റേഷൻ കടവ്** എന്നീ നാടകങ്ങളുമാണ് ദേശീയ വിഭാഗത്തിലേക്ക് തെരഞ്ഞെടുത്തത്. മലയാളത്തിൽ നിന്ന് 63 എൻട്രികളാണ് ഇറ്റ്ഫോക്കിലേക്ക് ലഭിച്ചത്. അനുരാധ കപൂർ, ദീപൻ ശിവരാമൻ,ബി അനന്തകൃഷ്ണൻ എന്നിവരടങ്ങിയ ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ആണ് നാടകങ്ങൾ തെരഞ്ഞെടുത്തത്. ഫെബ്രുവരി 5 മുതൽ 14 വരെയാണ് ഇറ്റ്ഫോക്ക് 2023 നടക്കുന്നത്.അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി,പ്രോഗ്രാം ഓഫീസർ വി.കെ അനിൽ കുമാർ, ഇറ്റ്ഫോക്ക് കോ-ഓർഡിനേറ്റർ ശശികുമാർ വി എന്നിവർ തൃശ്ശൂർ പ്രസ് ക്ലബിൽ നടന്ന പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കരിവെള്ളൂർ മുരളി

സെക്രട്ടറി.